# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 111 — 27..02..2017 ൽ മറുപടിയ്ക്ക്

### രക്ഷാപ്രവർത്തനത്തിനിടെ മരണപ്പെട്ട യുവാവിന്റെ കുടുംബത്തിനുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി | ശ്രീ. പിണറായി വിജയൻ<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
| (എ) 2015 ഡിസംബറിൽ വയനാട്ടിലെ ബാണാസുര സാഗർ ജലാശയത്തിൽ മുങ്ങിത്താണ യുവാവിനെ രക്ഷിക്കാൻ ശ്രമിക്കവെ മരണമടഞ്ഞ ആദിവാസി വിഭാഗത്തിൽപ്പെട്ട ബാബുവിന്റെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ ;<br><br>(ബി). കുടുംബത്തിന്റെ ഉപജീവനത്തിന് വേണ്ടി കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകാമെന്ന വാഗ്ദാനം നൽകിയിരുന്നോ;<br><br>(സി). എങ്കിൽ ജോലി നൽകാമെന്ന വാഗ്ദാനം എത്രയും പെട്ടെന്ന് നടപ്പാക്കുമോ? | (എ)യും (ബി) യും (സി) യും.<br>ബാബുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 26..12..2015-ലെ സ.ഉ. (എം.എസ്). 695/2015/റവ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പരേതന്റെ സഹോദരന് വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡായി നിയമനം നൽകുന്നതിന് മന്ത്രിസഭാ യോഗ തീരുമാനം ആയെങ്കിലും ടിയാൻ എസ്.എസ്.എൽ.സി പരീക്ഷ പരാജയപ്പെട്ട ആളായതിനാൽ ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി നൽകണമെന്ന വയനാട് ജില്ലാ കളക്ടറുടെ ശുപാർശ വനം വകുപ്പിൽ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ